**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1064** **06-10-2021 - ൽ മറുപടിയ്ക്ക്**

**മത്സ്യവിളകളുടെ സംരക്ഷണത്തിന് ഇൻഷ്വറൻസ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. മാത്യു കുഴൽനാടൻ | | Shri Saji Cherian<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനക്ഷേമ വകുപ്പ് മന്ത്രി) | |
| (എ) | ഉൾനാടൻ മത്സ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി മത്സ്യവിളകളുടെ സംരക്ഷണത്തിന് വിള ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ തയ്യാറാകുമോ; വിശദാംശങ്ങൾ നൽകുമോ? | (എ) | 2018-19 സാമ്പത്തിക വർഷം ഉൾനാടൻ മത്സ്യകൃഷി വികസനത്തിൽ ഉൾപ്പെടുത്തി മത്സ്യവിളകളുടെ സംരക്ഷണത്തിനായി 100 ലക്ഷം രൂപയുടെ ഭരണാനുമതി നല്കുകയും ആയതനുസരിച്ച് മത്സ്യകൃഷിക്ക് വിള ഇൻഷ്വറൻസ് ഏർപ്പെടുത്തുവാൻ ഇൻഷ്വറൻസ് കമ്പനികളുമായി യോഗം ചേരുകയും തുടർന്ന് വിള ഇൻഷ്വറൻസിന് ടെണ്ടറുകൾ ക്ഷണിച്ചിരുന്നെങ്കിലും ടെണ്ടറുകൾ ഒന്നും തന്നെ ലഭിച്ചിരുന്നില്ല. പ്രസ്തുത സാഹചര്യത്തിൽ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്ന സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി മാതൃകയിൽ മത്സ്യകൃഷി രംഗത്തും വിള ഇൻഷ്വറൻസ് പദ്ധതി അവലംബിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ